**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് - പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ കരാർ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി നീട്ടിക്കൊണ്ടുപോവുകയും കരാറിൽ നിന്ന് പിൻവാങ്ങുകയും ചെയ്യുന്നത് മൂലം വികസന പ്രവർത്തനങ്ങളുടെ വേഗത കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള നിരന്തരമായ വീഴ്ച സംഭവിക്കുന്ന പക്ഷം പ്രവൃത്തിയിൽ നിന്നും ടിയാനെ ഒഴിവാക്കുവാനും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി റീ - ടെണ്ടർ നടത്തുവാനും വേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര മരാമത്ത് പ്രവൃത്തികളുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ; | (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന രണ്ടു പ്രവൃത്തികൾ ഇപ്രകാരം മുടങ്ങികിടക്കുന്നു. 1. Budget 2017-18 - Improvements including BM & BC to Peringathur Mukkilpeedika road ch: 0/000 to 2/512 in Kannur District. പ്രസ്തുത പ്രവൃത്തിയുടെ sub base നിർമ്മാണം പകുതി ഭാഗം പൂർത്തീകരിച്ചു. കോൺക്രീറ്റ് പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചതിനുശേഷം കരാറുകാരൻ പ്രവൃത്തി അവസാനിപ്പിച്ചു. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള നിരന്തരമായ വീഴ്ച ആയതിനാൽ പ്രവൃത്തിയിൽ നിന്നും ടിയാനെ ഒഴിവാക്കുവാനും റീ ടെണ്ടർ നടത്തുവാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. Budget 2017-18 - Improvements including BM & BC to Parat Kunnothuparamba Poyilur road Km 4/000 to 6/500 in Kuthuparamba in Kannur District. പ്രസ്തുത പ്രവൃത്തി താമസിക്കാനുള്ള കാരണം ടി പ്രവൃത്തിയുടെ സൈറ്റിൽ പ്രാദേശികമായിട്ടുള്ള രാഷ്ട്രീയ പാർട്ടിക്കാരുടെ ബസ് ഷെൽട്ടർ പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇത് പരിഹരിച്ചാൽ പ്രവൃത്തി ആരംഭിക്കാമെന്ന് കരാറുകാരൻ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തി ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരാർ കാലാവധിക്ക് മുമ്പുതന്നെ ടെർമിനേറ്റ് ചെയ്യുന്നതിനും പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | പ്രവൃത്തി ചെയ്യാതെ നീട്ടിക്കൊണ്ടു പോകുന്ന കരാറുകാരെ മുൻകൂർ അറിയിപ്പുകൾ നൽകി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും ടിയാളുടെ നഷ്ടോത്തരവാദിത്തത്തിൽ റീ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഷെഡ്യൂൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | പി. ഡബ്ല്യൂ. ഡി മാന്വലിലും ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഇതിനാവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുമരാമത്ത് മാന്വലിലും ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ബിഡ് ഡോക്യുമെന്റിലും ഇതിനാവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ